File No.SJD/581/2020-C1

15 YEARS OF CELEBRATING THE MAHATMA

Break the chain

<u>സാമൂഹ്യനീതി ഡയറക്ടറുടെ നടപടി ക്രമങ്ങൾ</u>
(ഹാജർ: ഷീബാ ജോർജ്ജ് ഐ.എ.എസ് )

ഉത്തരവ് നം. എസ്ജെഡി/581/2020-സി1

തിരുവനന്തപുരം,
തീയതി. 21/08/2020

---

വിഷയം: സാമൂഹ്യനീതി വകുപ്പ് – പ്രൊബേഷൻ & ആഫ്റ്റർ കെയർ – പുതുതായി നിയമിതരായ പ്രൊബേഷൻ ഓഫീസർമാരുടെ ( ഗ്രേഡ് II ) 3 മാസത്തെ ഇൻസർവ്വീസ് ട്രെയിനിംഗ് – വിജയകരമായി പൂർത്തീകരിച്ചത് – അംഗീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 1. സാമൂഹ്യനീതി ഡയറക്ടറുടെ 24/10/2019 - ലെ ഇ 1/2148/2019 നം. ഉത്തരവ്.

2. സാമൂഹ്യനീതി ഡയറക്ടറുടെ 05/12/2019 - ലെ സി1-9418/2019 നം. ഉത്തരവ്.

3. സാമൂഹ്യനീതി ഡയറക്ടറുടെ 19/06/2020 – ലെ എസ്ജെഡി/581/2020-C1 നം. ഉത്തരവ്.

സാമൂഹ്യനീതി വകുപ്പിലെ ചൈൽഡ് വെൽഫെയർ ഇൻസ്പെക്ടർ/ ക്ഷേമസ്ഥാപന സൂപ്രണ്ട് ഗ്രേഡ് III, ഹെഡ് അക്കൗണ്ടന്റ് തസ്തികകളിൽ സേവനം അനുഷ്ഠിച്ചുവരുന്ന ജീവനക്കാർക്ക് പ്രൊബേഷൻ ഓഫീസർ ഗ്രേഡ് II തസ്തികയിൽ ഉദ്യോഗക്കയറ്റം/ ബൈട്രാൻസ്ഫർ അനുവദിച്ച് പരാമർശം (1) പ്രകാരം ഉത്തരവായിരുന്നു. ടി ഉദ്യോഗസ്ഥരെ പ്രൊബേഷൻ കാലയളവിൽ പൂർത്തീകരിക്കേണ്ട 3 മാസത്തെ ഇൻസർവ്വീസ് ട്രെയിനിംഗിനിന് 2019 ഡിസംബർ 11 മുതൽ 2020 മാർച്ച് 11 വരെ നിയോഗിച്ചുകൊണ്ട് പരാമർശം (2) പ്രകാരവും ഉത്തരവായിരുന്നു. പ്രസ്തുത ഇൻസർവ്വീസ് ട്രെയിനിംഗിൽ പങ്കെടുത്തിട്ടും, ആവശ്യമായ വൈദഗ്ദ്ധ്യം നേടാൻ കഴിയാതിരുന്ന പ്രൊബേഷൻ ഓഫീസർമാരെ ( ഗ്രേഡ് II ) 2020 ജൂലൈ 1 മുതൽ ഒരു മാസം വീണ്ടും പരിശീലനത്തിന് നിയോഗിച്ചുകൊണ്ട് പരാമർശം (3) പ്രകാരം ഉത്തരവാകുകയും പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിശീലനത്തിനു നിയോഗിച്ച പ്രൊബേഷൻ ഓഫീസർമാർ ( ഗ്രേഡ് II ) 2020 ജൂലൈ 31 – ന് പരിശീലനം പൂർത്തിയാക്കിയ ശേഷം 03/08/2020 – ന് ഇത് സംബന്ധിച്ച് സാമൂഹ്യനീതി ഡയറക്ടറേറ്റിൽ വെച്ച് നടന്ന അവലോകനത്തിൽ പങ്കെടുക്കുകയുമുണ്ടായി. പ്രസ്തുത അവലോകനത്തിൽ മേൽ പ്രൊബേഷൻ ഓഫീസർമാർ തൃപ്തികരമാംവിധം പരിശീലനം പൂർത്തീകരിച്ചതായി വിലയിരുത്തിയിട്ടുണ്ട് .

മേൽ വിവരിച്ച സാഹചര്യത്തിൽ 03/08/2020 – ന് നടത്തിയ അവലോകനത്തിൽ ലഭിച്ച മാർക്കിന്റെ അടിസ്ഥാനത്തിൽ ചുവടെ ചേർത്തിട്ടുള്ള ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള പ്രൊബേഷൻ ഓഫീസർമാർ (ഗ്രേഡ് II) പ്രസ്തുത ഇൻസർവ്വീസ് ട്രെയിനിംഗ്

വിജയകരമായി പൂർത്തീകരിച്ചത് അംഗീകരിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം. | ജീവനക്കാരൻ/ ജീവനക്കാരിയുടെ പേര് | സേവനം അനുഷ്ഠിച്ചുവരുന്ന കാര്യാലയം |
|---|---|---|
| 1. | ശ്രീമതി. സജിത എസ് | ജില്ലാ പ്രൊബേഷൻ ഓഫീസ്, പാലക്കാട് |
| 2. | ശ്രീമതി.തനൂജാ പി ബേബി | ജില്ലാ പ്രൊബേഷൻ ഓഫീസ്, ഇടുക്കി |
| 3. | ശ്രീമതി.സബീനാ ബീഗം എസ് | ജില്ലാ പ്രൊബേഷൻ ഓഫീസ്, കൊല്ലം |

ടി ജീവനക്കാരുടെ പ്രൊബേഷൻ യഥാസമയം ഡിക്ലയർ ചെയ്തു നൽകാവുന്നതാണ് .

(ഒപ്പ്)

സാമൂഹ്യനീതി ഡയറക്ടർ

ബന്ധപ്പെട്ട പ്രൊബേഷൻ ഓഫീസർമാർക്ക്,

പകർപ്പ് :

1. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
2. ഡയറക്ടറുടെ സി.എ
3. സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്